**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5277** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത വ്യവസായം സംസ്ഥാന പുരോഗതിക്കായി എപ്രകാരം ഉപയോഗപ്രദമാക്കാമെന്നും അതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥക്ക് അനുയോജ്യമാണെന്നുള്ള വിലയിരുത്തലാണ് സർക്കാരിനുള്ളത്. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, മെഡിക്കൽ ഡിവൈസസ്, കൺസ്യൂമബിൾസ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ് എന്നീ വിഭാഗങ്ങളിൽ പെടുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പരിസ്ഥിതിക്ക് അനുയോജ്യമായിട്ടുള്ള ഉത്തരവാദിത്ത വ്യവസായങ്ങളാണെന്ന് വിലയിരുത്തിയിട്ടുണ്ട് വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് സർക്കാർ പ്രധാന്യം നൽകുന്നതെന്നും വ്യവസായം | (ബി) | പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥക്ക് |

| | | | |
|---|---|---|---|
| | തുടങ്ങാനാഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും എത്ര പേർ അപേക്ഷകരായി എത്തിയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | | അനുയോജ്യമാണെന്നുള്ള വിലയിരുത്തലാണ് സർക്കാരിനുള്ളത്. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, മെഡിക്കൽ ഡിവൈസസ്, കൺസ്യൂമബിൾസ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ് എന്നീ വിഭാഗങ്ങളിൽ പെടുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പരിസ്ഥിതിക്ക് അനുയോജ്യമായിട്ടുള്ള ഉത്തരവാദിത്ത വ്യവസായങ്ങളാണെന്ന് വിലയിരുത്തിയിട്ടുണ്ട് വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ